കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/537/2020.

കേരള സംസ്ഥാന ഓ

ജില്ലാ ഓഡിറ്റ് കാര്യാല

തിയ്യതി

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പോത്തുകല്ല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തുകല്ല് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങള് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തുകല്ല് ഗ്രാമപഞ്ചായത്ത് സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോ ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തിക ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായ പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതി നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓ (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ

വിശ്വ

ഡെപ്യൂട്ടി ഡയറ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3). പഞ്ചായത്ത് അസി. ഡയറക്ടർ, മലപ്പുറം

4).കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.6/537/2020. തിയ്യതി: 05-05-2020

<u>മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വക ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.12.2018 മുതൽ 10.03.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പ അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പ

ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിര മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിേ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ല വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.അജിത്.ആർ, ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 11.03.2020 മുതൽ 24.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൾ ജലീൽ.ടി.പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. കെ.ജി.വേലായുധൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം. | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.സുഭാഷ്.സി. | 01.04.2018 മുതൽ 29.08.2018 വരെ |
| ശ്രീമതി.വത്സല അരവിന്ദൻ | 30.08.2018 മുതൽ 17.09.2018 വരെ |
| ശ്രീ.പി.കരുണാകരൻപിള്ള | 18.09.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കൃഷ്ണകുമാർ.എൻ | 01.04.2018 മുതൽ 08.04.2018 വരെ<br>03.06.2018 മുതൽ 10.12.2018 വരെ |
| ശ്രീ.ടോമി ജോസഫ്, അസി.സെക്രട്ടറി | 09.04.2018 മുതൽ 02.06.2018 വരെ<br>11.12.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കൃഷ്ണകുമാർ.എൻ | 01.04.2018 മുതൽ 08.04.2018 വരെ. 03.06.2018 മുതൽ 10.12.2018 വരെ. |
| | ശ്രീ.ടോമി ജോസഫ്, അസി.സെക്രട്ടറി | 09.04.2018 മുതൽ 02.06.2018 വരെ 11.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ടോമി ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.രാജി.സി.ആർ | 01.04.2018 മുതൽ 21.06.2018 വരെ |
| | ശ്രീമതി.ഡെയ്സി.എം.പി | 22.06.2018 മുതൽ 07.11.2018 വരെ |

| | | |
|---|---|---|
| | ശ്രീ. അലി ഫൈസൽ.കെ.ടി | 08.11.2018 മുതൽ 19.12.2018 വരെ |
| | ശ്രീ. കെ.മധുസൂദനൻ നായർ | 20.12.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.മനോജ്.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) | ഡോ.ആസിയ സുഹാന.എം.എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്സ്, പൂളപ്പാടം | ശ്രീ.സദാനന്ദൻ.വി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീമതി.ഡോൾസി ഡൊമിനിക് | 01.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയാ വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുലേഖ.കെ | 01.04.2018 മുതൽ 02.07.2018 വരെ |
| | ശ്രീമതി. സതീദേവി.എൻ. | 03.07.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രജനി.എം.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ റഷീദ്.എ.കെ. | 01.04.2018 മുതൽ 30.07.2018 വരെ |
| | ശ്രീ.യാസിർ.എ.എം. | 31.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അമ്പിളി പ്രഭാകർ. | 01.04.2018 മുതൽ 04.04.2018 വരെ |
| | ഡോ.യാസിറ.എ | 05.04.2018 മുതൽ 01.10.2018 വരെ |
| | ഡോ.കബീർ.എ.എം | 02.10.2018 മുതൽ 13.10.2018 വരെ |
| | ഡോ.ജോമോൻ ജോസഫ് ഡാനിയൽ | 14.10.2018 മുതൽ 07.11.2018 വരെ |
| | ഡോ.അരുൺകുമാർ.ജി | 08.11.2018 മുതൽ 01.01.2019 വരെ |
| | ഡോ.ചാന്ദ്നി.ആർ | 02.01.2019 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ.അബ്ദുൾ മജീദ്.വി | 01.04.2018 മുതൽ 12.02.2019 വരെ |
| | ശ്രീമതി.റുമീന.കെ | 13.02.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-11 |
| 12 | ലൈസൻസ് അപേക്ഷകളിൻമേൽ ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. | 1-12 |
| 13 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. | 1-13 |
| 14 | 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകത. | 1-14 |
| 15 | റോഡ് റീ സ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകത. | 1-15 |
| 16 | ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല. | 1-16 |
| 17 | മഴക്കാല പൂർവ്വ രോഗ പ്രതിരോധം-വാർഡുകൾക്കായി നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമായില്ല. | 1-17 |
| 18 | തുടർ വിദ്യാഭ്യാസ പരിപാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-18 |
| 19 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - അപാകതകൾ. | 1-19 |
| 20 | ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-20 |
| 21 | അനുപൂരക പോഷകാഹാര വിതരണം - അധിക തുക അനുവദിച്ചു. | 1-21 |
| 22 | ആശ്രയ പദ്ധതി ഫണ്ട് മുടങ്ങിക്കിടക്കുന്നു. | 1-22 |
| 23 | ലഭ്യമായ മരുന്ന് ഉപയോഗപ്പെടുത്തിയില്ല. | 1-23 |
| 24 | യോഗ പരിശീലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-24 |
| 25 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില: വിശദാംശം ലഭ്യമല്ല. | 1-25 |
| 26 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. | 1-26 |
| 27 | ആസ്തി സംബന്ധിച്ച വിവരം പ്രോജക്ടിൽ ഉൾപ്പെടുത്തുന്നില്ല. | 1-27 |
| 28 | ട്രഷറിയിൽ നിന്ന് മൂല്യനിർണ്ണയത്തേക്കാൾ കൂടുതൽ തുക പിൻവലിച്ചു; വിശദീകരണം നൽകേണ്ടതാണ് | 1-28 |
| 29 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 3809 രൂപ | 1-29 |
| 30 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല, നഷ്ടം 81543 രൂപ. | 1-30 |
| 31 | Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 32512/-രൂപ | 1-31 |
| 32 | കരാറുകാരന് അധികത്തുക നൽകി; നഷ്ടം 10444 രൂപ | 1-32 |
| | ഭാഗം 2 | |
| 33 | റോഡ് റീ സ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകത - ഗ്രാമപഞ്ചായത്തിന് 1485071 രൂപ നഷ്ടം. | 2-1 |
| | ഭാഗം 3 | |
| 34 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല, നഷ്ടം 81543 രൂപ. | 3-1 |

| | | |
|---|---|---|
| 35 | Top belt കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 32512/-രൂപ. | 3-2 |
| 36 | കരാറുകാരന് അധികത്തുക നൽകി; നഷ്ടം 10444 രൂപ. | 3-3 |
| | ഭാഗം 4 | |
| 37 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്.

2018-19 ലെ ബജറ്റ് 23.03.2018 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 13.02.2019 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 22.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 13708816 |
| വരവ് | 109763094 |
| ആകെ | 123471910 |
| ചെലവ് | 97064479 |
| നീക്കിയിരുപ്പ് | 26407431 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28317000 | 28317000 | 23676325 | 4640675 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2644000 | 2644000 | 686094 | 1957906 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 0 | 2874000 | 2874000 | 2163828 | 710172 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5825000 | 5825000 | 5801399 | 23601 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5675000 | 5675000 | 3890785 | 1784215 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11918000 | 11918000 | 11898617 | 19383 |
| വരൾച്ച ദുരിതാശ്വാസം | 642499 | 0 | 642499 | 0 | 642499 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11434788 | 11434788 | 2334190 | 9100598 |
| എൻ. ആർ. ഇ. ജി.എസ് (ഭരണച്ചെലവ്) | 5199 | 675946 | 681145 | 681145 | 0 |
| എൻ. ആർ. ഇ. ജി.എസ് (ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്) | 0 | 47560782 | 47560782 | 47560782 | 0 |
| ജോയന്റ്‌വെഞ്ചർ അക്കൗണ്ട് | 78669 | 4227067 | 4305736 | 4227067 | 78669 |
| ബി. ഫണ്ട് | 0 | 50280700 | 50280700 | 50280700 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 126381108 | 122 | 83443039 | 4 | 46 | 70.93 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5199 | 675946 | 681145 | 681145 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 47560782 | 47560782 | 47560782 | 0 |
| ആകെ | 5199 | 48236728 | 48241927 | 48241927 | 0 |

## 1-7 ക്ഷേമ പദ്ധതികൾ.

<u>തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ</u>

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 385800 | 256 |
| കർഷക തൊഴിലാളി പെൻഷൻ | 5184000 | 416 |
| വിധവാ പെൻഷൻ | 17463000 | 1415 |
| വാർദ്ധക്യകാല പെൻഷൻ | 22127700 | 1773 |
| വികലാംഗ പെൻഷൻ | 4918900 | 386 |
| 50 വയസിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 201300 | 17 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11 സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 27,957/- രൂപ നീക്കിയിരിപ്പി പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ( നടപടി സ്വീകരിച്ചിട്ടില്ല.

2) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗ ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

3) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത ( മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

4) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കി തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ( നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

5) വർഷാവസാനം സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തു ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.

6)പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശു അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും. വാർഷിക പദ്ധതി ന നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നു പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2019 | 01.11.2019 മുതൽ 30.11.2019 വരെ | 12.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 30.08.2010 വരെ. | 2004-05 മുതൽ 2008-09 വരെ | 04.10.2010 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1). വസ്തുനികുതി ഡിമാന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ താഴെകൊടുക്കുന്നു.

| | സഞ്ചയ പ്രകാരമുള്ള ഡിമാന്റ്. | വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്. | വ്യത്യാസം. |
|---|---|---|---|
| തൻവർഷ ഡിമാന്റ്. | 2824482 | 2816255 | 8227 |
| കുടിശ്ശിക ഡിമാന്റ്. | 53340 | 50976 | 2364 |

2). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി ര
പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). 2017-18 വാർഷിക കണക്കിലെ-B1 Schedule Landscape പ്രകാരം B310900101 – Exess of Income over Expend
ശീർഷകത്തിലെ വർഷാവസാന നീക്കിയിരിപ്പ് 34,40,684.35 ആണ്. എന്നാൽ 2018-19 വാർഷിക കണക്കിൽ പ്രാരംഭ ബ
എടുത്തിട്ടുള്ളത് 33,60,303.35 ആണ്. പ്രാരംഭ ബാക്കിയിൽ 80,381 രൂപയുടെ കുറവ് വന്നിട്ടുണ്ട്.

4). വാർഷിക കണക്ക് പ്രകാരം തൻവർഷം Advance to others എന്ന ശീർഷകത്തിൽ അനുവദിച്ച അഡ്വാൻസ് തു
രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് 16,35,827 രൂപയാണ്.

5). ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ 2019 മാർച്ച് മാസത്തിലെ ശമ്പളവും അതുമായ ബന്ധപ്പെട്ട റിക്കവറികളും
ബാധ്യതയായി ഉൾപ്പെടുത്തേണ്ടത്. എന്നാൽ ഇപ്രകാരം രേഖപ്പെടുത്തിയ തുക മാർച്ചിലെ ശമ്പള ബിൽ പ്രകാരമുള്ള ു
പൊരുത്തപ്പെടുന്നില്ല.

6). മുൻവർഷ വാർഷിക കണക്കിലെ ക്രമ നമ്പർ. 1, 2 പ്രകാരമുള്ള അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

## 1-12 ലൈസൻസ് അപേക്ഷകളിൻ മേൽ ഫീസ് ഈടാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2
പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത്രാജ് (അസഹ്യവും അപകടകരവുമായ വ്യാപ
ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപന
2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും,
പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ
വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ
നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാ
നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും
അടിസ്ഥാനത്തിൽ പുതിയ ഫീസ് നിരക്ക് ഗ്രാമപഞ്ചായത്ത് 12.03.2018 തിയ്യതിയിലെ 2/1 നമ്പർ തീരുമാ
അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിലൊന്നും സ്ഥാ
പ്രവർത്തന മൂലധനം രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൻമേലുള്ള ഭൂരിഭാഗം അന്വേഷണ റിപ്പോർട്ടുകളിലും സ്ഥാ
പ്രവർത്തന മൂലധനം പരാമർശിച്ചിട്ടില്ല. അഡ്വാൻസ് ലൈസൻസ് അപേക്ഷകളിൻമേൽ എപ്രകാരമാണ് ഫീസ് ഈടാ
എന്ന് വ്യക്തമല്ല. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ടോ എന്ന് ഓഡിറ്റിന് പരിശ
സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി
എൻക്വയറി നമ്പർ - 5/19.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങ
എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കി
വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം,
മറ്റ് വരുമാനമാർഗ്ഗങ്ങൾ എന്നിവയിൽ ഏർപ്പെടുന്നവർ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികു
ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യൽ/ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ/
പരിശോധിച്ചതിൽ മേൽ ആക്ട്, ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ
സ്ഥാപനങ്ങളും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെ
വിലയിരുത്തുന്നു. നികുതി അടവാക്കാൻ ബാധ്യതപ്പെട്ടവരിൽ നിന്നും ആയത് പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവ
കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നടപടികൾ
പാലിക്കേണ്ടതാണ്.

എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപന
നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ് [നിയമം 205ബി, ചട്ടം13 എന്നിവ കാണുക]. എന്ന

ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ പൂർണമായി സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

കെട്ടിട ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽ ഫോറത്തിൽ വിവരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്. വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ, ഡി & ഒ നൽകിയതിലെ വിവരങ്ങൾ തുടങ്ങി ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി ഒന്നാം നമ്പർ ഫോറത്തി നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്ക സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽനികുതി മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സ്ഥ ജോലി ചെയ്യുന്നവരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലന്ന് കാണുന്നു. ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥ ജോലിചെയ്യുന്നവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ടെയിഡേഴ്സിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളത് ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങൾ പാലിക്കാതെയാണ ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാ ചെയ്യേണ്ടതാണ്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ഇ ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ക്രമപ്രകാരം ഈടാക്കുന്നുവെന്ന് ഉറപ്പ് വര നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/20.03.2020 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-14 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങ നികുതി നിർണ്ണയത്തിലെ അപാകത.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വാണിജ്യ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ന പറയുന്ന പ്രകാരമാണ് കൗൺസിൽ നിശ്ചയിച്ചിട്ടുള്ളത്.

| | |
|---|---|
| 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 30 രൂപ/ ച.മീ |
| 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 രൂപ/ ച.മീ |

ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പറിനായി അപേക്ഷിക്കുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവി വാണിജ്യ കെട്ടിടങ്ങൾക്ക് വ്യക്തമായ യാതൊരു കാരണവും കൂടാതെ ഒന്നിലധികം കെട്ടിട നമ്പറുകൾ അനു അപ്രകാരമുള്ള തറവിസ്തീർണ്ണം മാത്രം കണക്കാക്കി 100 ച.മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം എന്ന നൽകി വസ്തുനികുതി നിർണ്ണയിച്ച് നൽകുകയുമാണ് ചെയ്യുന്നത്.

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാ ഒരാളിന്റെ ഉടമസ്ഥയിലുള്ളതാണെങ്കിൽ തന്നെ <u>തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ട നൽകിയിട്ടുണ്ടെങ്കിലോ</u> ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക് ഓരോന്നിനും ചുമത്തേണ്ടതാണ് (ചട്ടം 3(4)). എന്നാൽ ഇത് വ്യക്തമായ കാരണങ്ങളാൽ പ്രത്യേകമായ നമ്പറുകൾ നൽകിയ കെട്ടിടങ്ങളുടെ കാര്യമാണ് എന്ന് വ്യക്തമാണ്. വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ, പ്രത്യേകം നമ്പ കെട്ടിടയുടമ അപേക്ഷിക്കുക പോലും ചെയ്യാതെ ചട്ടം നിലവിൽ വന്നതിന് ശേഷം മാത്രം നിർമ്മാണം പൂർത്തീകര കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഏകപക്ഷീയമായി നികുതി നിരക്ക് കുറച്ച് വസ്തുനികുതി നിർണ്ണയം നടത്തുന്നത് ചട്ട ഇപ്രകാരം നികുതി നിർണ്ണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടമാണ് സംഭവിക്കുന്നത

ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗ ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതാത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവക്ക്

നൽകാവുന്നതാണ്. എന്നാൽ ഒരേ വിനിയോഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയി
നിർണ്ണയത്തിലുള്ള അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം -10 /19-03-2020)

## 1-15 റോഡ് റീ സ്റ്റോറേഷൻ ചാർജ്ജ് ഈടാക്കിയതിലെ അപാകത.

പോത്തുകല്ല് ഗ്രാമപഞ്ചായത്തിലെ കോടാലിപ്പൊയിൽ റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപ
അനുമതിക്കായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് 19.02.2018 ന് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത
റിസ്റ്റോറേഷൻ ചാർജ് കണക്കാക്കിയപ്പോൾ നിയമാനുസൃതമായ നിരക്കിൽ തുക ഈടാക്കാത്തതിനാൽ 148
ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല.

2014 ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഗഡുക്കൾ താഴെപ്പറയും പ്രകാരം 2018-19-ൽ ജീവനക്കാർ കൈപ്പറ്റിയിട്ടു
അടിസ്ഥാന ശമ്പളത്തിൽ വന്ന വ്യത്യാസത്തിന്റെ 15% പെൻഷൻ അംശദാനമായി അടവാക്കിയതായി കാണുന്നി
കൈപ്പറ്റിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|
| 21800058/27.04.18 | 126362 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 3rd Instalment |
| 21800057/27.04.18 | 54762 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 3rd Instalment |
| 21800124/25.05.18 | 23714 | ശ്രീ.ജ്യോഫ്രി അൻസ്ലം, അസി.സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 3rd Instalment, ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 3rd Instalment |
| 21800468/10.10.18 | 174748 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 4th Instalment |

മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള ശമ്പളക്കുടിശ്ശിക അനുവദിച്ചവരുടെ പെൻഷൻ അംശദാനം ഒടുക്കി വിവരം
അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.11/20.03.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 മഴക്കാല പൂർവ്വ രോഗ പ്രതിരോധം-വാർഡുകൾക്കായി നൽക തുകയുടെ വിനിയോഗവിവരം ലഭ്യമായില്ല.

മഴക്കാല പൂർവ്വ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും താഴെപ്പറയും പ്രകാരം തുക വാർഡ് തല ന
കമ്മിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിശദവ
ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക നൽകിയതിന്റെ വിവരം | ഫണ്ടിനം |
|---|---|---|
| 21800155/02.06.18--65000 | 13 വാർഡുകൾക്ക് 5000 വീതം | തനത് ഫണ്ട് |
| 21800156/02.06.18--20000 | 4വാർഡുകൾക്ക് 5000 വീതം | തനത് ഫണ്ട് |
| 21800166/05.06.18--40000 | 4വാർഡുകൾക്ക് 10000 വീതം | ശുചിത്വ മിഷൻ ഗ്രാന്റ് |
| 21800173/06.06.18--130000 | 13 വാർഡുകൾക്ക് 10000 വീതം | ശുചിത്വ മിഷൻ ഗ്രാന്റ് |

തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.0
ലഭ്യമാക്കിയിട്ടില്ല. 255000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 തുടർ വിദ്യാഭ്യാസ പരിപാടി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 30/19 |
| പ്രൊജക്റ്റിന്റെ പേര് | തുടർ വിദ്യാഭ്യാസ പരിപാടി. |
| നിർവ്വഹണ ഉദ്യാഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ചെലവഴിച്ച തുക | 91,000 രൂപ. |
| ബിൽ നമ്പർ/തിയ്യതി | 06/2018-19 തി.13.03.2019 – 52,000/- രൂപ.<br>ഗുണഭോക്തൃ വിഹിതം - 39,000/- രൂപ. |

പത്താം ക്ലാസ് തുല്യതാ പരീക്ഷയെഴുതുന്ന 52 വിദ്യാർത്ഥികളുടെ ഫീസ് ഇനത്തിൽ ജില്ലാ സാക്ഷരതാ മിഷന് 91 (വികസന ഫണ്ട് 52,000/- + ഗുണഭോക്തൃവിഹിതം 39,000/-) അനുവദിച്ചിട്ടുണ്ട്. അംഗീകൃത പ്രൊജക്റ്റ് പ്രക ഗുണഭോക്താവും ഗുണഭോക്തൃ വിഹിതമായ 800/- രൂപ അടയ്ക്കേണ്ടതാണ്. എന്നാൽ 750/- രൂപ പ്രകാരമാണ് ഗുണഭോ ഈടാക്കിയിട്ടുള്ളത്. കൂടാതെ ഫീസ് അടവാക്കിയ എല്ലാ വിദ്യാർത്ഥികളും പരീക്ഷയെഴുതിയെന്ന് ഉറപ്പ് വരു അപാകതകക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ.09/19.03.2020) ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ല എന്നാണ് മറുപടി ലഭ്യമാക്കിട്ടുള്ളത്. ഭാവിയി നിർവ്വഹണം അംഗീകൃത പ്രൊജക്റ്റിൽ നിർദ്ദേശിക്കുന്ന പ്രകാരമായിരിക്കേണ്ടതും ഫീസ് അടവാക്കിയ എല്ലാ വിദ്യ പരീക്ഷയെഴുതി പ്രൊജക്റ്റിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-19 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകൾ - അപാകതകൾ.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

<u>1). കമുക് കൃഷി പുനരുദ്ധാരണം.</u>

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 60/19 |
| ചെലവഴിച്ച തുക | 2,37,297/- |
| ബിൽ നമ്പർ/തിയ്യതി | 1). 02/2018-19 തി. 31.10.2018 – 1,29,891/-<br>2). 05/2018-19 തി. 30.11.2018 – 66,965/-<br>3). 12/2018-19 തി. 12.02.2019 – 40,441/- |

25 കമുകെങ്കിലും കൃഷി ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, കുമ്മായ വിതരണ സബ്സിഡി അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താക്കൾക്ക് ഏകീകൃത മാനദ സബ്സിഡി അനുവദിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽ പെടുകയും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽ പെടു തുടർന്ന് സബ്സിഡി അനുവദിച്ചതിന്റെ മാനദണ്ഡം വിശദീകരിച്ച് നൽകുകയും ഇതിൽ നിന്നും വ്യത്യസ്തമായി സബ്സിഡി അനുവദിച്ചിട്ടുള്ള 24 ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തു. സൂക്ഷ്മ മൂലകങ്ങളുടേയും കുമ്മാ ആകെ സബ്സിഡി തുക ഒരു കമുകിന് 12 രൂപയിൽ അധികരിക്കാതെയും ഒരു കിലോഗ്രാം കുമ്മായത്തിന്റെ യൂണിറ്റ് കേ കണക്കാക്കി കിലോയ്ക്ക് 7 രൂപ പ്രകാരവുമാണ് സബ്സിഡി കണക്കാക്കിയിട്ടുള്ളത്. എന്നാൽ 31.03.2018 ലെ 02/20 ബിൽ പ്രകാരം താഴെ പറയുന്ന 24 ഗുണഭോക്താക്കൾക്ക് ഇപ്രകാരം സബ്സിഡി കണക്കാക്കിയതിൽ അപാകത സംഭ 6524 രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കമുകുകളുടെ എണ്ണം. | സൂക്ഷ്മ മൂലകങ്ങളുടെ വില | സൂക്ഷ്മ മൂലകങ്ങളുടെ സബ്സിഡി (50%) | കുമ്മായത്തിന്റെ വില | കുമ്മായത്തിന്റെ സബ്സിഡി (വില x 7 /12) | ആകെ സബ്സിഡി | അനുവദിച്ച സബ്സിഡി | അധികമായ അനു ച്ചത് |
|---|---|---|---|---|---|---|---|---|---|
| 1 | രാമൻകുട്ടി | 150 | 200 | 100 | 1220 | 712 | 812 | 1150 | 338 |
| 2 | ചന്ദ്രൻ | 200 | 400 | 200 | 1080 | 630 | 830 | 1000 | 170 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | സതിയമ്മ | 250 | 500 | 250 | 2880 | 1680 | 1930 | 2000 | 70 |
| 4 | ഷെരീഫ് | 244 | 488 | 244 | 2856 | 1666 | 1910 | 1952 | 42 |
| 5 | രാജു | 250 | 500 | 250 | 1800 | 1050 | 1300 | 1600 | 300 |
| 6 | മാത്യു | 250 | 500 | 250 | 2016 | 1176 | 1426 | 2000 | 574 |
| 7 | സി.ടി.വർഗ്ഗീസ് | 200 | 400 | 200 | 1524 | 889 | 1089 | 1300 | 211 |
| 8 | ചാണ്ടി.കെ | 600 | 1200 | 600 | 3360 | 1960 | 2560 | 3100 | 540 |
| 9 | ജോസഫ് | 650 | 1300 | 650 | 7224 | 4214 | 4864 | 5200 | 336 |
| 10 | ടൈറ്റസ് | 250 | 500 | 250 | 850 | 496 | 746 | 887 | 141 |
| 11 | രവീന്ദ്രൻ | 150 | 300 | 150 | 840 | 490 | 640 | 780 | 140 |
| 12 | തങ്കമണി | 250 | 500 | 250 | 1176 | 686 | 936 | 1132 | 196 |
| 13 | ജോർജ്ജ്കുട്ടി | 35 | 50 | 25 | 300 | 175 | 200 | 250 | 50 |
| 14 | നീതു | 35 | 50 | 25 | 300 | 175 | 200 | 250 | 50 |
| 15 | വാസുദേവൻ | 300 | 600 | 300 | 960 | 560 | 860 | 1020 | 160 |
| 16 | അരവിന്ദാക്ഷൻ | 85 | 0 | 0 | 900 | 525 | 525 | 595 | 70 |
| 17 | എം.എ.ജോർജ്ജ് | 250 | 500 | 250 | 1500 | 875 | 1125 | 1375 | 250 |
| 18 | ഷാജി | 500 | 1000 | 500 | 4320 | 2520 | 3020 | 4000 | 980 |
| 19 | കല്യാണി | 600 | 600 | 300 | 3696 | 2156 | 2456 | 3070 | 614 |
| 20 | ബാലകൃഷ്ണൻ | 500 | 600 | 300 | 3696 | 2156 | 2456 | 3070 | 614 |
| 21 | അബ്ദുൾ കരീം | 200 | 400 | 200 | 2240 | 1307 | 1507 | 1600 | 93 |
| 22 | സക്കീന | 100 | 200 | 100 | 1120 | 653 | 753 | 800 | 47 |
| 23 | മുത്തു | 400 | 400 | 200 | 1800 | 1050 | 1250 | 1550 | 300 |
| 24 | സുബ്രഹ്മണ്യൻ | 650 | 1250 | 625 | 7392 | 4312 | 4937 | 5175 | 238 |
| ആകെ | | 7099 | 12438 | 6219 | 55050 | 32113 | 38332 | 44856 | 652 |

കൂടാതെ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഈ മാനദണ്ഡപ്രകാരമുള്ള സബ്സിഡി തുകയിൽ കു അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | ഗുണഭോ ക്താവിന്റെ പേര് | കമുകുകളുടെ എണ്ണം. | സൂക്ഷ്മ മൂലകങ്ങളുടെ വില | സൂക്ഷ്മ മൂലക ങ്ങളുടെ സബ് സിഡി (50%) | കുമ്മായ ത്തിന്റെ വില | കുമ്മായ ത്തിന്റെ സബ്സിഡി (വില x 7 /12) | അനുവദി ക്കേണ്ട സബ്സിഡി | അനു വദിച്ച സബ് സിഡി | അനു ച്ചത് കുറ |
|---|---|---|---|---|---|---|---|---|---|
| 1 | രാജു | 25 | 50 | 25 | 750 | 438 | 463 | 200 | 26 |
| 2 | കുര്യാക്കോസ്.പി.ടി | 50 | 100 | 50 | 750 | 438 | 488 | 400 | 88 |
| 3 | പ്രസന്ന | 300 | 500 | 250 | 5250 | 3063 | 3313 | 2350 | 96 |
| 4 | കുര്യാക്കോസ് | 300 | 600 | 300 | 3750 | 2188 | 2488 | 2400 | 88 |
| ആകെ | | 675 | 1250 | 625 | 10500 | 6127 | 6752 | 5350 | 140 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖാ ലഭ്യമാക്കിയിട്ടില്ല.

2). സമഗ്ര വാഴകൃഷി.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 118/19 |
| ചെലവഴിച്ച തുക | 2,93,420/- |
| ബിൽ നമ്പർ/തിയ്യതി | 1). 03/2018-19 തി. 31.10.2018 – 2,16,083/-<br>2). 06/2018-19 തി. 30.11.2018 – 43,737/-<br>3). 10/2018-19 തി. 11.02.2019 – 33,600/- |

50 വാഴയെങ്കിലും കൃഷി ചെയ്യുന്ന കർഷകർക്ക് സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, ജൈവവള വിതരണം, കുമ്മായ എന്നിവയ്ക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. അംഗീകൃത പ്രൊജക്ട് പ്രകാരം പരമാവധി 50% ശതമാനമാണ് നൽകേണ്ടത്. എന്നാൽ ഈ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). 31.10.2018 ലെ 03/2018-19 നമ്പർ ബിൽ പ്രകാരം 45 ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതിൽ താഴെ ഗുണഭോക്താക്കൾക്ക് മാത്രം ജൈവവളത്തിന് 100% സബ്സിഡി അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം 5 അനുവദിക്കേണ്ടിയിരുന്നത്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അപേക്ഷകന്റെ പേരും വിലാസവും. | ജൈവ വളത്തിന്റെ വില. | അനുവദിച്ച സബ്സിഡി | അനുവദിക്കേണ്ട സബ്സിഡി | അധികം അനുവദിച്ച തുക. |
|---|---|---|---|---|---|
| 1 | ജെസ്സി.ടി, തങ്കപ്പള്ളി, പൂളപ്പാടം. | 7200 | 7200 | 3600 | 3600 |
| 2 | ബിന്ദു കാഞ്ഞിരത്തുമുകളിൽ, കുവക്കോൽ. | 3600 | 3600 | 1800 | 1800 |
| ആകെ | | 10800 | 10800 | 5400 | 5400 |

2). ബില്ലിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ ശ്രീ. തോമസ്, മറ്റത്തിൽ, കുറുമ്പലങ്ങോട് എന്നവരുടെ ജൈവവളത്ത രേഖപ്പെടുത്തിയിട്ടില്ല. 2400 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. അപേക്ഷയും അനുബന്ധരേഖകളും പ ലഭ്യമാക്കേണ്ടതാണ്.

3). 30.11.2018 ലെ 06/2018-19 നമ്പർ ബിൽ പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും വാഴയൊന്നിന് 12 രൂപ / 50% ഇവയിൽ ഏതാണോ കുറവ്, അതിൽ പരിമിതപ്പെടുത്തിക്കൊണ്ടാണ് ജൈവവളത്തിന് സബ്സിഡി അനുവദിച്ചിട്ടുള്ള ചന്ദ്രശേഖരൻ, മോഴക്കൽ എന്നവർക്ക് 500 വാഴകൾക്ക് 14 രൂപ നിരക്കിൽ 7000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഗുണ മാത്രം 1000/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

4). ബിൽ നമ്പർ.10/2018-19 തി. 11.02.2019 പ്രകാരം 4 കർഷകർക്ക് 14280/-രൂപയുടെ കുമ്മായത്തിന് 9375/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം അനുവദിക്കേണ്ട സബ്സിഡി പരമാവധി 50% ആണ്. 14280/- രൂപയുടെ 50 7140/- രൂപക്ക് പകരം 9375/- രൂപ സബ്സിഡി അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ :09/19.03.2020 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-20 ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

2017- ലെ ചരക്ക് സേവന നികുതി സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി TDS ചെയ്യേണ്ടതാണ്. എന്നാൽ ഐ.സ സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ TDS ഈടാക്കിയിട്ടില്ല. വി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി | സ്ഥാപനത്തിന്റെ പേര്. | ഇൻവോയിസ് നമ്പർ / തിയ്യതി | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര വിതരണം – ജനറൽ [19/19] | 09/2018-19 തി. 11.01.2019 | പാലാഴി ന്യൂട്രിമിക്സ്, യൂണിറ്റ്, നെട്ടിക്കുളം | 34/01.12.2018 | 108310 |
| | | | | 35/01.12.2018 | 45400 |
| | | | | 38/01.01.2019 | 106965 |
| | | | | 39/01.01.2019 | 63122 |
| | | 13/2018-19 തി. 22.02.2019 (163067/- രൂപ) | പാലാഴി ന്യൂട്രിമിക്സ്, യൂണിറ്റ്, നെട്ടിക്കുളം | 42/01.02.2019 | 78614 |
| | | | | 43/01.02.2019 | 43141 |
| | | 15/2018-19 തി. 28.02.2019 (123000/- രൂപ) | പാലാഴി ന്യൂട്രിമിക്സ്, യൂണിറ്റ്, നെട്ടിക്കുളം | 46/25.02.2019 | 82167 |
| | | | | 47/25.02.2019 | 40871 |
| 2 | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര വിതരണം – എസ്.ടി [20/19] | 07/2018-19 തി. 13.11.2018 | പാലാഴി ന്യൂട്രിമിക്സ്, യൂണിറ്റ്, നെട്ടിക്കുളം | 30/01.11.2018 | 60744 |
| ആകെ | | | | | 629334 |

ടി.ഡി.എസ് ഈടാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 03/19.03.2020)

## 1-21 അനുപൂരക പോഷകാഹാര വിതരണം - അധിക തുക അനുവ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 19/19 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടികൾക്ക് അനുപൂരക പോഷകാഹാര വിതരണം (ജനറൽ) |
| ചെലവഴിച്ച തുക | 32,43,000 രൂപ. |
| ബിൽ നമ്പർ/ തിയ്യതി | 01/2018-19 തി.29.06.2018 – 5,94,976/- രൂപ. |

അങ്കണവാടികൾക്ക് പോഷകാഹാര വിതരണത്തിനായി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തിൽ 8 ബി 32,43,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ബിൽ നമ്പർ.01/2018-19 തി.29.06.2018 പ്രകാരം പാലാഴി ന്യൂട്രിമിക്സ് യൂണിറ്റ് എന്ന സ്ഥാപനത്തിന് ന്യൂട്രിമിക്സിന്റെ വിലയായി 5,39,288/- രൂപ നൽകേണ്ടതിന് പകരം 5,94,976/- രൂപ അന വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 15/12.03.2018 | 20200 രൂപ | ആകെ ബിൽ തുകയായ 1,70,200 യിൽ 1,50,000 രൂപ 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു. |
| 2 | 1/02.04.2018 | 162484 രൂപ | |
| 3 | 7/05.05.2018 | 143978 | |

| | | | |
|---|---|---|---|
| | | രൂപ | |
| 4 | 4/09.04.2018 | 98999 രൂപ | |
| 5 | 8/01.06.2018 | 113627 രൂപ | |
| ആകെ | | 539288 രൂപ. | |

55688/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എ (ഓഡിറ്റ് എൻക്വയറി നമ്പർ :02/18.03.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബില്ലിനോടൊപ്പമുള്ള 20200/- രൂപയുടെ ഇ പകരം 75838/- രൂപയുടെ ഇൻവോയിസ് (ഇൻവോയിസ് നമ്പർ 9/01.06.2018) ആണ് ട്രഷറി ബില്ലി സമർപ്പിച്ചിട്ടുള്ളതെന്നും ആയത് പ്രകാരം 50/- രൂപ മാത്രമാണ് അധികം പിൻവലിച്ചിട്ടുള്ളതെന്നും ആയത് ശീർഷകത്തിൽ അടവാക്കിക്കൊള്ളാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ പരാമർശിച്ചിട്ടുള്ള ഇൻവോയിസ് ന്യൂട്രിമിക്സ് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഇൻവോയിസ് പ്രകാരമുള്ള തുക ഉൾപ്പെടുത്തിയാലും നിന്ന് പിൻവലിച്ച തുകയുമായി പൊരുത്തപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ അധികമായുള്ള ചെലവ് തുകയ്ക്ക് വ്യക്തത വരെ 55688/- രൂപ തടസ്സം ചെയ്യുന്നു. അപാകതയുടെ വ്യക്തമായ കാരണം ആദ്യ മറുപടിയിൽ തന്നെ നൽകേണ്ടതാണ്.

## 1-22 ആശ്രയ പദ്ധതി ഫണ്ട് മുടങ്ങിക്കിടക്കുന്നു.

ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം 31.03.2018 ന് അവസാനിച്ചിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതി 2018-19 ( നടപ്പിലാക്കി തുടങ്ങിയിട്ടില്ല. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായ സംബന്ധിച്ചും തുടർസേവന പാക്കേജ് ആരംഭിക്കാത്തത് സംബന്ധിച്ചും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. 2010- ഈ അക്കൗണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങ നിറവേറ്റപ്പെടാതെ പദ്ധതി അവസാനിക്കുകയാണുണ്ടായത്. 01.08.19ന് അക്കൗണ്ടിൽ (നം.13135 കെ.ജി.ബി ഞെട്ടിക്കുളം രൂപ നീക്കിയിരിപ്പുണ്ട്. വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൗണ്ടിൽ ഇപ്പോഴും സൂക്ഷിച്ചി ആശ്രയ പദ്ധതി രണ്ടാം ഘട്ടത്തിന്റെ നീക്കിയിരിപ്പ് (A/C.6735 കെ.ജി.ബി ഞെട്ടിക്കുളം) 287195.24/- 20.01.2020 ന് അ കേരളം പദ്ധതിക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിലേക്ക് (A/C.17255 കെ.ജി.ബി ഞെട്ടിക്കുളം) മാറ്റിയതായി കാണുന്നു മാത്രമാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആദ്യ ഘട്ടത്തിന്റെ തുക പുതിയ പദ്ധതിക്കായി വിനിയോഗിക്കുകയോ അല്ല സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 ലഭ്യമായ മരുന്ന് ഉപയോഗപ്പെടുത്തിയില്ല.

മെഡിക്കൽ ഓഫീസർ - ആയുർവ്വേദം നടപ്പിലാക്കിയ ആയുർവ്വേദ ഡിസ്പൻസറിയിലേക്ക് മരുന്ന് ലഭ്യമാക പദ്ധതിയുടെ ഭാഗമായി 8,00,000/- രൂപ ചെലവഴിച്ചുകൊണ്ട് (ബി.നം.1/18-19 തി.24.01.2019) മരുന്ന് വാങ്ങിയിട്ടുണ ലഭ്യമായ ചില മരുന്നുകൾ ഒരു വർഷമായും ഉപയോഗിക്കാത്തതായി സ്ഥാപനം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റ വ്യക്തമാകുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മരുന്ന് വിവരം | ഇൻവോയ്സ് നമ്പർ | സ്റ്റോക്കിലെടുത്ത തിയതി | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | ദുർവ്വ ഘൃതം 200ml<br>@ 95/ Bottle | 90111330/31.03.19<br>Qty.17 Bottle | 17.04.2019 | 20 Bottle<br>Value.1,900/- |
| | | 90119254/29.06.2019, 3 Bottle | 25.08.2019 | |
| 2 | ജാത്യാദി ഘൃതം 200ml<br>@ 105/ Bottle | 90111330/31.03.19<br>Qty.20 Bottle | 17.04.2019 | 20 Bottle<br>Value.2,100/- |
| 3 | അമൃതോത്തരം | 90100971/31.01.2019 | 09.02.2019 | 24 Kg |

| | | | | |
|---|---|---|---|---|
| | കെ.സി 1000Gm<br>Rate 138/1000Gm | Qty.24 Kg | | Value.3,312/- |
| 4 | ദശമൂല കടുത്രയം കെ.സി 1000Gm<br>Rate 160/1000Gm | 90100971/31.01.2019<br>Qty.25 Kg | 09.02.2019 | 25 Kg<br>Value.4,000/- |
| 5 | ഇന്ദുകാന്തം കെ.സി 500Gm<br>Rate 68/500Gm | 90100971/31.01.2019<br>Qty.25 Packet | 09.02.2019 | 12.5 Kg<br>Value.1,700/- |
| 6 | ദ്രാക്ഷാദി കെ.സി 1000Gm<br>Rate 476/1000Gm | 90105497/28.02.19<br>Qty.30 Kg | 26.03.19 | 30 Kg<br>Value.14,280/- |
